DEPARTMENT OF HEALTH SERVICES ✱ KERALA ✱

'ഭരണഭാഷ – മാതൃഭാഷ'

ഗാന്ധിഗ്രാം സർക്കാർ ത്വക്ക് രോഗാശുപത്രി
കൊരട്ടി
gghdkty1955@gmail.com
ഫോൺ – 0480 2732035

**നമ്പർ ബി - 76/2022** **തിയ്യതി 04..02.2022**

## ക്വട്ടേഷൻ നോട്ടീസ്

ഗാന്ധിഗ്രാം സർക്കാർ ത്വക്ക് രോഗാശുപത്രിയിലെ ഒ.പി വിഭാഗത്തിൽ താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി ടീസ്റ്റാൾ ആരംഭിക്കുന്നതിന് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

1. 01.04.2022 മുതൽ 31.03.2023 വരെ മാത്രം ഈ ആശുപത്രി കോമ്പൗണ്ടിൽ കാന്റീൻ നടത്തുന്നതിനുള്ള അനുവാദമാണ് നൽകുക
2. കരാറുകാരൻ സ്വന്തം ചിലവിൽ കാന്റീൻ പ്രവർത്തിപ്പിക്കുന്നതിനുള്ള താൽക്കാലിക ഷെഡ് പണികഴിപ്പിക്കേണ്ടതും ക്വട്ടേഷൻ കാലാവധി കഴിയുമ്പോൾ പൊളിച്ചുനീക്കേണ്ടതും ആണ്.
3. താൽക്കാലിക ഷെഡ് പരമാവധി 80 സ്ക്വയർഫീറ്റ് മാത്രമേ അനുവദിക്കുകയുള്ളൂ (ചാലക്കുടി താലൂക്ക് ആശുപത്രി കുടുംബശ്രീ ടീസ്റ്റാൾ മാതൃകയിൽ)
4. വെള്ളവും വൈദ്യുതിയും സ്വന്തം ചിലവിൽ ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.
5. 15 ദിവസത്തെ നോട്ടീസ് നൽകി കരാറിലെ വ്യവസ്ഥകൾ മാറ്റുന്നതിനോ കരാർ റദ്ദാക്കുന്നതിനോ ഉള്ള അധികാരം സൂപ്രണ്ടിന് ഉണ്ടായിരിക്കുന്നതാണ്.
6. മൂന്നുമാസത്തെ വാടക അഡ്വാൻസായി അടക്കേണ്ടതും കരാർ കാലാവധി കഴിയുമ്പോൾ പലിശ ഇല്ലാതെ പ്രസ്തുത സംഖ്യ തിരിച്ചുകൊടുക്കുന്നതും ആണ്.
7. മാസവാടക മുൻകൂറായി ആദ്യത്തെ അഞ്ചു ദിവസങ്ങൾക്കുള്ളിൽ ഓഫീസിൽ അടക്കേണ്ടതാണ്, അല്ലാത്തപക്ഷം കരാർ റദ്ദാക്കുവാൻ സൂപ്രണ്ടിനു അധികാരമുണ്ടായിരിക്കും.
8. ടീസ്റ്റാൾ സ്ഥാപിക്കുന്ന താൽക്കാലിക ഷെഡിന്റെ സ്ഥലം ആശുപത്രി സൂപ്രണ്ട് തീരുമാനിക്കുന്നതാണ്.
9. മാർക്കറ്റ് റേറ്റിനേക്കാളും കൂടിയ നിരക്കിൽ ഭക്ഷണസാധനങ്ങൾ വിൽക്കുവാൻ പാടുള്ളതല്ല.
10. ടീസ്റ്റാൾ പ്രവർത്തനസമയം രാവിലെ 6 മുതൽ വൈകുന്നേരം 4 മണി വരെ മാത്രമായിരിക്കും
11. ടീസ്റ്റാൾ കരാറുകാരൻ ബന്ധപ്പെട്ട അധികാരികളിൽ നിന്നും ലൈസൻസ് എടുക്കേണ്ടതാണ്.
12. ഭക്ഷണത്തിന്റെ വിലനിലവാരം ടീസ്റ്റാളിന്റെ പുറത്ത് എഴുതി പ്രദർശിപ്പിച്ചിരിക്കണം.
13. ചായ 125മിലി. ഉണ്ടായിരിക്കണം.
14. ചെറുകടികൾക്ക് തൂക്കവും ഗുണവും ആശുപത്രി അധികൃതർ ഉറപ്പുവരുത്തുന്നതായിരിക്കും
15. ആശുപത്രി കോമ്പൗണ്ടിൽ പാചകം അനുവദനീയമല്ല.
16. ടീസ്റ്റാളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന്റെ ഉത്തരവാദിത്വം കരാറുകാരനിൽ നിക്ഷിപ്തമാണ്.ആയത് ആശുപത്രി ഉദ്യോഗസ്ഥർ പരിശോധിക്കുന്നതുമായിരക്കും.
17. തിളപ്പിച്ച് ആറ്റിയ വെള്ളം മാത്രമേ കുടിവെള്ളമായി ഉപയോഗിക്കാൻ പാടുള്ളൂ.
18. ടീസ്റ്റാളിലെ ഖര ദ്രവ്യ മാലിന്യങ്ങൾ കാരാറുകരൻ സ്വന്തം ചിലവിൽ നീക്കം ചെയ്യേണ്ടതാണ്.
19. എല്ലാ ജീവനക്കാരും ഹെൽത്ത് കാർഡ് സ്വന്തം ചിലവിൽ എടുത്തിരിക്കണം.
20. കാന്റീനിൽ വരുന്ന ഖര ദ്രവ്യ മാലിന്യങ്ങൾ സ്വന്തം ചിലവിൽ നീക്കം ചെയ്യേണ്ടതാണ്.
21. കാലാകാലങ്ങളിൽ ആശുപത്രി അധികാരികൾ നൽകുന്ന നിർദ്ദേശങ്ങൾ കരാറുകാരൻ പാലിക്കേണ്ടതാണ്.

26/02/2022 ന് ഉച്ചതിരിഞ്ഞ് 3.00 മണിക്ക് മുൻപായി സീൽ ചെയ്ത ക്വട്ടേഷനുകൾ ഈ ഓഫീസിൽ ലഭിക്കേണ്ടതാണ്. അന്നേ ദിവസം 3.30 മണിക്ക് ഹാജറുള്ള ക്വട്ടേഷണർമാരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കുന്നതാണ്. ക്വട്ടേഷനുകൾ പരിശോധിച്ച് എറ്റവും കൂടുതൽ തുക രേഖപ്പെടുത്തിയ ക്വട്ടേഷൻ താത്കാലികമായി ഉറപ്പിക്കുന്നതാണ്. (ക്വട്ടേഷൻ നടപടികൾക്ക് സ്റ്റോർ പർച്ചേഴ്സ് നിയമം ബാധകമാണ്)

ക്വട്ടേഷൻ നടപടികൾ മാറ്റിവയ്ക്കുന്നതിനോ റദ്ദു ചെയ്യുന്നതിനോ മാറ്റം വരുത്തുന്നതിനോ ഈ സ്ഥാപന മേധാവിക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണിക്കും വൈകിട്ട് 5 മണിക്കും ഇടയിൽ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

GANDHIGRAM GOVERNMENT HOSPITAL OF DERMATOLOGY ★ KORATTY-680 308 ★

സൂപ്രണ്ട്
SUPERINTENDENT
GANDHIGRAM GOVT. HOSPITAL OF DERMATOLOGY
KORATTY